# മൂന്ന് അടിസ്ഥാന കാര്യങ്ങൾ

[Malayalam]

## الأصـــول الثلاثـــة

[ باللغة مليالم ]


മുഹമ്മദ് കുട്ടി കടന്നമണ്ണ

إعداد : محمد كطي ابوبكر



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1432 – 2011

بسم الله الرحمن الرحيم

ഓരോ മനുഷ്യനും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് 'മൂന്ന് അടിസ്ഥാന കാര്യങ്ങൾ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അവ:

**1) മനുഷ്യൻ തന്റെ രക്ഷിതാവിനെ അറിയൽ.**

**2) തന്റെ പ്രവാചകനെ അറിയൽ.**

**3) തന്റെ മതത്തെ അറിയൽ.**

നബി(ﷺ) പറഞ്ഞു:

( مَنْ رَضِيَ بِاللهِ رَبًّا وَبِالْإِسْلَامِ دِينًا وَبِمُحَمَّدٍ نَبِيًّا وَجَبَتْ لَهُ الْجَنَّةُ ) ( مسلم )

'അല്ലാഹുവിനെ രക്ഷിതാവായും ഇസ്ലാമിനെ മതമായും മുഹമ്മദ് (ﷺ)യെ പ്രവാചകനായും ഏതൊരാൾ തൃപ്തിപ്പെട്ടുവോ അയാൾക്ക് സ്വർഗ്ഗം നിർബന്ധമായിക്കഴിഞ്ഞു' (മുസ്ലിം).

## معرفة الرب سبحانه وتعالى
## രക്ഷിതാവിനെ അറിയൽ

**റബ്ബ് എന്നാൽ:-** സ്രഷ്ടാവ്, ഉടമസ്ഥൻ, എല്ലാം നിയന്ത്രിക്കുന്നവൻ എന്നർത്ഥം.

തന്റെ സൃഷ്ടികളിലൂടെയും തന്റെ ദൃഷ്ടാന്തങ്ങളിലൂടെയുമാണ് അല്ലാഹുവെ (രക്ഷിതാവിനെ) അറിയുന്നത്. അവന്റെ ദൃഷ്ടാന്തങ്ങളിൽ ഏറ്റവും മഹത്വമേറിയതാണ് രാവും പകലും സൂര്യനും ചന്ദ്രനും ആകാശങ്ങളും ഭൂമിയുമെല്ലാം. അല്ലാഹു പറയുന്നു:

( وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ ) ( فصلت : 37 )

'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവ

യെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക. നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ' (ഫുസ്സ്വിലത്: 37).

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവനെ മാത്രം ആരാധിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനാണ്. അല്ലാഹു പറയുന്നു:

(وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ) ( النحل : 56 )

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ദാരിയാത്ത്: 56).

ആരാധനയിൽ അല്ലാഹുവെ ഏകനാക്കുക, അവന്റെ കൽപ്പനകൾ പാലിച്ചുകൊണ്ടും നിരോധനങ്ങൾ വെടിഞ്ഞുകൊണ്ടും അവനെ അനുസരിക്കുക എന്നതാണ് അല്ലാഹുവിനുള്ള ഇബാദത്തിന്റെ വിവക്ഷ.

## معرفة الرسل
## ദൂതന്മാരെ അറിയൽ

അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്നതിലേക്ക് ക്ഷണിക്കുവാനായി ഓരോ സമുദായത്തിലേക്കും അല്ലാഹു ദൂതരെ നിയോഗിച്ചയച്ചിട്ടുണ്ടെന്ന് ഉറച്ചു വിശ്വസിക്കലാണ് ഇതിന്റെ താൽപ്പര്യം.
അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللهَ وَاجْتَنِبُواْ الطَّاغُوتَ ...( النحل : 36 )

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം' (എന്ന് പ്രബോധനം ചെയ്യുന്നതിന് വേണ്ടി) (നഹ്ൽ: 36).

**ദൂതന്മാരിൽ ആദിമനും അന്തിമനും:**

ദൂതന്മാർ അനേകം പേരുണ്ട്.അവരിൽ ആദിമൻ നൂഹ്(ﷺ)യും അന്തിമൻ മുഹമ്മദ്(ﷺ)യും ആണ്. 'ഉലുൽ അസ്മ്' (ദൃഢ മനസ്ക

ർ) എന്ന പേരിൽ അറിയപ്പെടുന്നവർ നൂഹ്(ﷺ), ഇബ്റാഹീം(ﷺ), മൂസാ(ﷺ), ഈസാ(ﷺ), മുഹമ്മദ്(ﷺ) എന്നിവരാണ്.

ദൂതന്മാരെ മുഴുവനുമോ അവരിൽ ചിലരെയോ അവിശ്വസിക്കുന്നവൻ അല്ലാഹുവിൽ അവിശ്വസിച്ചവനാണ്. കാരണം അവൻ ഖുർആനെയും സുന്നത്തിനെയും കളവാക്കി.

മുഹമ്മദ്(ﷺ) കൊണ്ടു വന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു:

... وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ...( الحشر : 7 )

'നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക' (ഹശ്ർ: 7).

## معرفة الدين
## മതത്തെ അറിയൽ

വിശ്വാസ കാര്യങ്ങളും നിയമ സംഹിതകളും ആരാധനാ കർമ്മങ്ങളും ഉൾകൊള്ളുന്ന ഒരു മതമാണ് ഇസ്‌ലാം. സ്രഷ്ടാവിൽ നിന്നവതീർണ്ണമായതത്രയും, പ്രവാചകൻ(ﷺ) നിർദ്ദേശിച്ചതും വിശ്വസിക്കൽ അനിവാര്യവുമാണ്.

ആരാധനകളഖിലവും സത്യദൈവമായ അല്ലാഹുവിന്ന് മാത്രമെന്ന ആദർശാധിഷ്ഠിത മതമാണ് ഇസ്‌ലാം. വിശ്വാസ–വാചാ–കർമ്മണായുള്ള ആരാധനകളുടെ ഒരു കൂട്ടായ്മയാണിത്. ഉത്തമഗുണങ്ങൾ കുരുപ്പിടിപ്പിക്കുന്നതിലും, ആത്മസംസ്കരണത്തിലും, അതനുസരിച്ച് ജീവിതം കെട്ടിപ്പടുക്കുന്നതിലും, വ്യക്തികളെ നന്നാക്കിയെടുക്കുന്നതിലും, മുസ്‌ലിം സമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും കാത്തു സൂക്ഷിക്കുന്നതിലും ഈ ആരാധനകൾക്കുള്ള പങ്ക് നിസ്തുല്യമത്രെ.

ആറ് കാര്യങ്ങളിലുള്ള വിശ്വാസമാണ് അടിസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. അഥവാ– അല്ലാഹുവിലുള്ള വിശ്വാസം, മാലാഖമാരിലുള്ള വിശ്വാസം, ദൈവികഗ്രന്ഥങ്ങളിലുള്ള വിശ്വാസം,

പ്രവാചകരിലുള്ള വിശ്വാസം, അവസാന നാളിലുള്ള വിശ്വാസം, നന്മ തിന്മകളെല്ലാം അല്ലാഹുവിന്റെ അറിവോടെയും നിശ്ചയപ്രകാരവുമാണെന്ന വിശ്വാസം. ഇവയാണ് ആ ആറുകാര്യങ്ങൾ.

'ലാഇലാഹ ഇല്ലല്ലാഹു, മുഹമ്മദുർറസൂലുല്ലാഹി' എന്ന രണ്ടു സാക്ഷ്യവാക്യങ്ങൾ, നമസ്കാരം നിലനിറുത്തൽ, സകാത്ത് കൊടുക്കൽ, റമദാനിൽ നോമ്പെടുക്കൽ, സാധ്യമായവൻ കഅ്ബാലയത്തിങ്കൽ പോയി ഹജ്ജ് ചെയ്യൽ എന്നിവയാണ് ഇസ്‌ലാമിന്റെ കർമ്മപരമായ അഞ്ച് സ്തംഭങ്ങൾ. ഈ ആറു കാര്യങ്ങളിൽ വിശ്വസിക്കുകയും അഞ്ച് കർമ്മങ്ങൾ അവയുടെ നിബന്ധനകൾക്കധീനമായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെയാണ് ഒരാൾ യഥാർത്ഥ മുസ്‌ലിമായിത്തീരുന്നത്.

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

***********